"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികവർഗ്ഗ വികസന വകുപ്പ് - പരപ്പ പ്രീമെട്രിക് (ഗേൾസ്) ഹോസ്റ്റൽ - വാടക നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.356/2026/SCSTD തീയതി, തിരുവനന്തപുരം, 18-03-2026

പരാമർശം:- 1. 19.01.2024 ലെ സർക്കാർ ഉത്തരവ് (സാധാ)നം.20/2024/SCSTD.

2. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 28.09.2025,10-03-2026 തീയതികളിലെ STDD/3622/2025-D2 നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പരപ്പ ട്രൈബൽ ഡവലപ്മെന്റ് ഓഫീസറുടെ അധികാര പരിധിയിലുള്ള പരപ്പ പ്രീമെട്രിക് (ഗേൾസ്) ഹോസ്റ്റൽ-1, പ്രീമെട്രിക് (ബോയ്സ്) ഹോസ്റ്റൽ-1 എന്നിവ വാടകകെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. ആയതിൽ പ്രീമെട്രിക് (ഗേൾസ്) ഹോസ്റ്റൽ കെട്ടിടത്തിന്റെ പ്രതിമാസ വാടക പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ 89,508/- രൂപയായി നിർണയിച്ച് നൽകിയിട്ടുണ്ടെന്നും, പ്രസ്തുത സാഹചര്യത്തിൽ പരപ്പ പ്രീമെട്രിക് (ഗേൾസ്) ഹോസ്റ്റൽ കെട്ടിടത്തിന്റെ വാടക നിശ്ചയിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വാടക നിർണ്ണയ സാക്ഷ്യപത്രം,Non availability Certificate എന്നിവ സഹിതം പരാമർശം (2) പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പരപ്പ ട്രൈബൽ ഡവലപ്മെന്റ് ഓഫീസറുടെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന പരപ്പ പ്രീമെട്രിക് (ഗേൾസ്) ഹോസ്റ്റൽ നിലവിൽ പ്രവർത്തിച്ചു വരുന്നതും ശ്രീ. ഹസൈനാർ പി.കെ.യുടെ ഉടമസ്ഥതയിലുള്ളതുമായ കാസർഗോഡ് ജില്ലയിലെ കിനാനൂർ - കരിന്തലം ഗ്രാമപഞ്ചായത്തിലെ പരപ്പ വില്ലേജിലെ 69/1 PT496 സർവ്വെ നമ്പറിലുള്ള കെട്ടിടത്തിന്റെ (Building No.462/D to 462/K) പ്രതിമാസ വാടക 06.07.2024 മുതൽ കാര്യാലയത്തിന് അനുവദനീയമായ 419.32 ചതുരശ്ര മീറ്ററിന് 89,508/- (എൺപത്തി ഒമ്പതിനായിരത്തി അഞ്ഞൂറ്റിയെട്ട് രൂപ മാത്രം) രൂപയായി നിശ്ചയിച്ചുകൊണ്ടും ടി ചെലവ് 2225-02-277-94-06-Tribal Hostels-Rent, Rates and Taxes PV' ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീജ.പി.എസ്

അഡിഷണൽ സെക്രട്ടറി

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, കാസർഗോഡ് (ഡയറക്ടർ മുഖേന).
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം.
ഐ&പി.ആർ.വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Rani K C
Date: 18-03-2026 15:44:15
സെക്ഷൻ ഓഫീസർ